"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി സ്പിൽ ഓവർ പ്രൊജക്റ്റുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കേണ്ടുന്ന സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1399/2026/LSGD    തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1091/2026/LSGD; തീയതി 02.06.2026
2. സ.ഉ.(സാധാ) നം.1248/2026/LSGD; തീയതി 06.07.2026
3. സ.ഉ.(സാധാ) നം.1288/2026/LSGD; തീയതി 15.07.2026

**ഉത്തരവ്**

2026-27 വാർഷിക പദ്ധതിക്ക് രൂപം നൽകിയ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്പിൽ ഓവർ പ്രോജക്റ്റുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനും, വാർഷിക പദ്ധതിക്ക് യഥാകാലം അംഗീകാരം ലഭ്യമാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ സ്പിൽഓവർ പ്രോജക്റ്റുകൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കുന്നതിനും പരാമർശം 1 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഭേദഗതികൾ വരുത്തിയും കൂടുതൽ വിശദീകരണം നൽകിയും പരാമർശം 2, 3 ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി സ്പിൽഓവർ പ്രൊജക്റ്റുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കേണ്ടുന്ന അവസാന തീയതി ജൂലൈ 31 ആയാണ് നിശ്ചയിച്ചിരുന്നത്.

2. വാർഷിക പദ്ധതി ഭേദഗതിക്കായി സോഫ്റ്റ്‌വെയർ ക്രമീകരണം ഒരുക്കുന്നതിലെ കാലതാമസം, വാർഷിക ബഡ്ജറ്റിൽ വന്നിട്ടുള്ള മാറ്റങ്ങൾ, ഫണ്ട് ലഭ്യത തുടങ്ങിയ കാരണങ്ങളാൽ വാർഷിക പദ്ധതി യഥാസമയം പരിഷ്കരിച്ച് സമർപ്പിക്കുന്നതിന് നിരവധി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്ത സാഹചര്യമാണ് എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതി പരാമർശിത ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **ഓഗസ്റ്റ് 15** വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 29-07-2026
14:05:11

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്